പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5592 18.11.2019 ൽ മറുപടിക്ക്

## കൊല്ലം മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.എം. മുകേഷ് | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| --- | --- |
| ആർദ്രം പദ്ധതി പ്രകാരം കൊല്ലം നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതുമായ പദ്ധതികളുടേയും പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ? | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലം നിയോജക മണ്ഡലത്തിലെ കൊല്ലം ജില്ലാ ആശുപത്രി, പെരുമൺ പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയെ തെരഞ്ഞെടുത്തിട്ടുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. കൺസൾട്ടന്റ് ഇൻ യൂറോളജി -1<br>2. കൺസൾട്ടന്റ് ഇൻ ഫോറൻസിക് മെഡിസിൻ -1<br>3. ജൂനിയർ കൺസൾട്ടന്റ് ഇൻ റേഡിയോ തെറാപ്പി -1<br>4. ജൂനിയർ കൺസൾട്ടന്റ് ഇൻ ജനറൽ മെഡിസൻ-1<br>5. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -2<br>6. ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് II - 1<br>7. ഡയാലിസിസ് ടെക്നീഷ്യൻ -3<br>8. ഫിസിയോ തെറാപിസ്റ്റ് -1<br>9. മോർച്ചറി ടെക്നീഷ്യൻ -1<br>10. മെഡിക്കൽ റെക്കോർഡ് അറ്റൻഡന്റ് -1<br>കൂടാതെ ടി ആശുപത്രിയിൽ പുതുതായി കാത്ത് ലാബ് പ്രവർത്തനം ആരംഭിക്കുകയും ഒ.പി വിഭാഗം രോഗി സൗഹൃദമാക്കുന്നതിനുള്ള ഒ.പി ട്രാൻസ്ഫർമേഷൻ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.<br>പെരുമൺ കുടുംബാരോഗ്യകേന്ദ്രത്തിൽ നിലവിലുള്ള തസ്തികകൾക്ക് പുറമേ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫി നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. ടി കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി പ്രവർത്തിക്കുന്നു.ശ്വാസരോഗങ്ങൾക്ക് ശ്വാസ് ക്ലിനിക്ക്, മാനസികാരോഗ്യത്തിനായി ആശ്വാസ് ക്ലിനിക്ക്, ലാബ് സൗകര്യം എന്നിവ ലഭ്യമാക്കി വരുന്നു.<br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൊല്ലം മണ്ഡലത്തിലെ തൃക്കരുവ,കിളികൊല്ലൂർ എന്നീ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. കിളികൊല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് അടിസ്ഥാന സൗകര്യവികസനത്തിനായി 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തൃക്കരുവ പ്രാഥമികാരോഗ്യകേന്ദ്രത്തിന് NHM ഫണ്ടിൽ 15.5 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ